**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147** | **29-09-2025 - ൽ മറുപടിയ്ക്ക്**

**വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവകലാകാരന്മാരെ പ്രോൽസാഹിപ്പിക്കുന്നതിനും അവരുടെ കലാഭിരുചി വർദ്ധിപ്പിക്കുന്നതിനും സാംസ്കാരിക വകുപ്പ് മുഖേന സർക്കാർ നടപ്പിലാക്കുന്ന വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സാംസ്കാരിക വകുപ്പിന്റെ പ്രധാന പദ്ധതികളിലൊന്നാണ് യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും സൗജന്യ സാമൂഹ്യ കലാപരിശീലനം സാധ്യമാക്കുകയും ചെയ്യുക എന്നതാണ് ടി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. ആയിരം യുവകലാകാരന്മാർക്ക് പ്രതിമാസം 10,000/- രൂപ നിരക്കിൽ ഫെല്ലോഷിപ്പ് നൽകുന്ന ടി പദ്ധതിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകമായി 7500 രൂപയും നൽകിവരുന്നു. പദ്ധതിയിൻ കീഴിൽ രണ്ട് ഘട്ടങ്ങളിലുമായി 1909 പേർക്ക് ഫെലോഷിപ്പ് അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ കേരളത്തിലെ ഏതൊരാൾക്കും പ്രായഭേദമന്യേ സൗജന്യമായി കല അഭ്യസിക്കാമെന്നതാണ് സവിശേഷത. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാമൂഹ്യ കേന്ദ്രങ്ങളെ സജീവ കലാകേന്ദ്രങ്ങളാക്കി മാറ്റുന്നതാണ്. നിലവിൽ പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 623 പുതിയ കലാകാരൻമാരുടെ വിന്യാസം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഫെല്ലോഷിപ്പിലേക്ക് അഭിമുഖപരീക്ഷ പൂർത്തീകരിക്കുകയും 215 പേരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കലാകാരന്മാർക്ക് എത്ര തുകയാണ് ഹോണറേറിയമായി നൽകിവരുന്നത്; ഇതിനായി എത്ര തുക ബജറ്റിൽ നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൽ തെരഞ്ഞെടുക്കുന്ന കലാകാരന്മാർക്ക് അവർ നടത്തുന്ന കലാപരിശീലനത്തിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിൽ നിന്നും 10,000/- രൂപ നിരക്കിൽ ഫെല്ലോഷിപ്പ് തുകയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും 7500/-രൂപയും അനുവദിച്ചു വരുന്നു. വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി |

| | | | |
|---|---|---|---|
| | | | നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷം 13 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിലൂടെ കഴിഞ്ഞ രണ്ട് വർഷത്തിനിടെ എത്ര കലാകാരന്മാർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | ഈ പദ്ധതിയിലൂടെ കഴിഞ്ഞ രണ്ട് വർഷത്തിനിടെ 53,668 പഠിതാക്കൾക്ക് വിവിധ മേഖലകളിലെ തെരഞ്ഞെടുത്ത കലാകാരന്മാർ കലാപരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ